കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൈപ്പമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി3)1706/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

ഫോൺ: 0487 – 2331249

തീയതി 29.11.2017

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കൈപ്പമംഗലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കൈപ്പമംഗലം ഗ്രാമ പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-3, 3-13, 3-15 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം കെ എസ് എ.ടി.എസ്.ആർ.(പി3)1706/17 തിയ്യതി 29.11.2017

തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.10.2016 മുതൽ 6.10.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ

അക്കൗണ്ടുകളിൽ നിന്നുള്ള 31.3.2017 വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/രേഖകൾ/വിവരങ്ങൾ/വിശദീകരണം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 6.10.2017 മുതൽ 13.10.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ശിവൻ. പി.എ. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ബിത ടി.എസ്. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. നിജു. സി.എസ്., ഓഡിറ്റർ |
| | ശ്രീ. കന്ദസ്വാമി , ഓഡിറ്റർ (10.10.17 മുതൽ 13.102017വരെ) |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ടി.വി.സുരേഷ്ബാബു. | 01.04.16 മുതൽ 31.03.17 വരെ |
| സെക്രട്ടറി | റെജിപോൾ, (സെക്രട്ടറി ഇൻ ചാർജ്ജ്) | 01.04.16 മുതൽ 06.09.16 FN വരെ |
| | കുമാരി എം പി (സെക്രട്ടറി ഇൻ ചാർജ്ജ്) | 06.09.16 AN മുതൽ 04.01.17 വരെ |

| | | |
|---|---|---|
| | ജയന്തി എസ് | 05.01.17 മുതൽ 31.03.17 വരെ |
| നിർവ്വഹണോദ്യോഗസ്ഥർ | | |
| കൃഷി ഓഫീസർ | അനിലാ മാത്യു | 01.04.16 മുതൽ 31.03.17 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ഇക്ബാൽ.പി.എ. | 01.04.16 മുതൽ 31.08.16 വരെ |
| | സമീറ | 01.09.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.വിധു ഗംഗാധരൻ | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ഗീത | 01.04.16 മുതൽ 26.06.16 FN വരെ |
| | ഡോ.ഹസീന | 26.06.16 AN മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.സുമയ്യ | 01.04.16 മുതൽ 09.08.16 വരെ |
| | ഡോ.സിന്ദു എ എൽ | 10.08.16 മുതൽ 31.03.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.സിൽവൻ | 01.04.16 മുതൽ 31.03.17 വരെ |
| പ്രധാനാധ്യാപിക (ജി.എഫ്.എൽ.പി എസ്., കൈപ്പമംഗലം) | റഹീമാബി | 01.04.16 മുതൽ 31.03.17 വരെ |
| വി.ഇ.ഒ., കുരിക്കുഴി | പ്രജിത പ്രകാശ്.പി. | 01.04.16 മുതൽ 27.09.16 വരെ |
| | ബാബു.ഇ.എ. ( അഡീഷണൽ ഇൻ - ചാർജ്ജ്) | 28.09.16 മുതൽ 14.02.17 വരെ |
| | സനിത എ ആർ | 15.02.17 മുതൽ 31.03.17 വരെ |
| വി.ഇ.ഒ.,ചളിങ്ങാട്. | ബാബു.ഇ.എ. (അഡീഷണൽ ഇൻ- ചാർജ്ജ്) | 01.04.16 മുതൽ 23.05.16 വരെ |

| | | |
|---|---|---|
| | ആഡ് ലി ഉസ്മാൻ | 24.05.16 മുതൽ 31.03.17 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | റെജിപോൾ, | 01.04.16 മുതൽ 06.09.16 വരെ |
| | കുമാരി എം പി | 07.09.16 മുതൽ 31.03.17 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഗീത. വി.എൻ | 01.04.16 മുതൽ 31.03.17 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | പ്രശാന്ത്. | 01.04.16 മുതൽ 31.03.17 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | അനിൽകുമാർ | 01.04.16 മുതൽ 24.04.16 വരെ |
| | സിന്ധു | 25.04.16 മുതൽ 09.08.16 വരെ |
| | അനിൽകുമാർ | 10.08.16 മുതൽ 16.11.16 വരെ |
| | സുമിത | 17.11.16 മുതൽ 28.11.16 വരെ |
| | അൻസിൽ | 29.11.16 മുതൽ 05.03.17 വരെ |
| | പ്രകാശൻ. ടി.എസ്. | 06.03.17 മുതൽ 31.03.17 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം – 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം – 2 | |
| 12 | നിർജ്ജീവ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യാവുന്നതാണ് | 2-1 |
| 13 | 2013-14 വർഷത്തിനു മുൻപുള്ള വാടക കുടിശ്ശിക ഈടാക്കാതെ സ്ഥാപനത്തിൽ നിന്നും 15-16 ലെ കുടിശ്ശിക ഈടാക്കി – 4200/- വരവ് നഷ്ടം | 2-2 |
| 14 | ടെണ്ടർ ഫോം ഫി, വാറ്റ് അടവാക്കിയില്ല | 2-3 |
| 15 | ഇ-ടെണ്ടർ ഫോം ഫി – കുടിശ്ശിക ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ് | 2-4 |
| 16 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല; ഡി ആന്റ് ഒ, സ്ഥാപന തൊഴിൽ നികുതി നൽകാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-5 |
| 17 | ഓഡിറ്റ് ഇംപാക്റ്റ് | 2-6 |
| | ഭാഗം – 3 | |
| 18 | ഓണം അഡ്വാൻസ് -പൂർണ്ണമായും ഈടാക്കിയിട്ടില്ല | 3-1 |
| 19 | ആദായനികുതി ഈടാക്കേണ്ടതാണ് | 3-2 |
| 20 | തീരദേശ പരിപാലന നിയമത്തിന് വിരുദ്ധമായി അനധികൃത കെട്ടിട നിർമ്മാണം. | 3-3 |
| 21 | ധനവിനിയോഗ സർട്ടിഫിക്കറ്റ് – കൈപ്പറ്റു രസീത് ലഭ്യമാക്കേണ്ടതാണ് | 3-4 |
| 22 | പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം – 7/11/2016 നു ശേഷമുള്ള അപേക്ഷകളിൽ പെൻഷൻ ഇതുവരെ ലഭ്യമായിട്ടില്ല | 3-5 |
| 23 | ലോഗ്ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 3-6 |
| 24 | പദ്ധതി നമ്പർ 60/17 -പരിരക്ഷാ സാന്ത്വന പരിചരണം – 80000/- രൂപ മതിയായ രേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു | 3-7 |
| 25 | ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതി – നടപ്പാക്കുന്നതിൽ | 3-8 |

| | | |
|---|---|---|
| | അലംഭാവം | |
| 26 | ഹോമിയോ ആശുപത്രിയിലേക്ക് ലഭിക്കേണ്ട മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല | 3-9 |
| 27 | എസ്.എസ്.എ. – ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 500000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു. | 3-10 |
| 28 | ക്ഷീരകർഷകർക്ക് പ്രോത്സാഹനം-സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശം പാലിക്കാതെ പദ്ധതി നടപ്പാക്കി | 3-11 |
| 29 | ഭൗതിക സാഹചര്യം ഒരുക്കാതെ വാങ്ങൽ നടത്തി - തണൽ കേന്ദ്രങ്ങത്തിലേക്ക് വാങ്ങിയ ഉപകരണങ്ങൾ വിതരണം നടത്താതെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു. 274500 രൂപ തടസ്സത്തിൽ വെയ്ക്കുന്നു | 3-12 |
| 30 | അംഗൻവാടി കെട്ടിടങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവർത്തിക്കുന്നു | 3-13 |
| 31 | പത്താം തരം തുല്യതാ പരീക്ഷ – സാക്ഷരതാ മിഷനിലേക്ക് പണം അടച്ച് രജിസ്റ്റർ ചെയ്തവർ പരീക്ഷ എഴുതുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. | 3-14 |
| 32 | ആശ്രയ പദ്ധതി – പണം യഥാർത്ഥത്തിൽ ചെലവഴിക്കാതെ കുടുംബശ്രീ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 3-15 |
| 33 | ബസ് സ്റ്റാന്റ് -കം-ഷോപ്പിങ് കോംപ്ലക്സ് നിർമ്മാണം – കരാറുകാരനല്ലാത്തയാൾക്ക് തുക നൽകി, മറ്റ് അപാകതകൾ | 3-16 |
| | ഭാഗം – 4 | |
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 42 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് | 4-9 |

| | റിപ്പോർട്ടുകളുടെ വിവരം | |
|---|---|---|
| 43 | അനുബന്ധം – 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 08/03/2016 തിയ്യതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം* അംഗീകരിച്ചു. വരവ് 19,62,61,805/-രൂപ. ചെലവ് 19,74,08,931/-രൂപ. പുതുക്കിയ ബജറ്റ് 15.3.2017 ലെ തീരുമാനം 2 പ്രകാരം അംഗീകരിച്ചു. വരവ് 16,92,16,000/-രൂപ. ചെലവ് 16,85,59,500/-രൂപ. *ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ 2015-16 ബജറ്റ് തുടരുവാൻ തീരുമാനിച്ചു. പിന്നീട് 2016-17 ബജറ്റ്, 19.7.2016ലെ തീരുമാനം 1 പ്രകാരം വരവ് 16,90,16,000/- രൂപ ആയും ചെലവ് 16,80,59,500/- രൂപ ആയും അംഗീകരിച്ചു

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/17 | 24/07/17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധന-അപാകതകൾ

നാളിതുവരെയുള്ള ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം പ്രൊഫഷൻ ടാക്സ് കുടിശ്ശിക 856340, രജിസ്റ്റർ പ്രകാരം 847590, വ്യത്യാസം 8750, ബാലൻസ് ഷീറ്റ് പ്രകാരം കുടിശ്ശിക 360, രജിസ്റ്റർ പ്രകാരം കുടിശ്ശിക ഇല്ല. ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയശേഷം അതേ ഹെഡിൽ റിക്കവറി കാണിച്ചതാണ് അപാകതക്ക് കാരണം.

2) തൊഴിലുറപ്പ് പദ്ധതി – കൂലി വരവുചെലവു കണക്കുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

3) ആസ്തി രജിസ്റ്റർ കാലികമല്ല. നാളിതുവരെ സൃഷ്ടിച്ച ആസ്തി ബാദ്ധ്യതകളുടെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

4) വി.പി.എഫ്. III പാസ്സ് ബുക്ക് ഹാജരാക്കിയിട്ടില്ല.

5) വസ്തുനികുതി വാർഷികകണക്കിലെ തുക സഞ്ചയയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -61,01,650

വരവ് -5,10,82,209

ആകെ -5,71,83,859

ചെലവ് - 4,36,45,576

നീക്കിയിരിപ്പ്-1,35,38,283

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം തൻവർഷ വരവ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 13196702 | 9255775 | 3940927 | 70.13 |
| വികസനഫണ്ട് എസ്.സി.പി. | 6754764 | 5889599 | 865169 | 87.19 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 8853543 | 388479 | 8465064 | 4.38 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3610791 | 2823297 | 787494 | 78.19 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7401090 | 1989867 | 5411223 | 26.88 |
| പെർഫോമൻസ് ഗ്രാന്റ് | 4034130 | 735280 | 3298850 | 18.22 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 133 | 67220646 | 64 | 30203181 | 67 | 2 | 44.93 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 8.79 % വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5188710 | 6107203 | 918493 | +17.70 |
| നികുതിയേതര വരവുകൾ | 1272147 | 1427927 | 155780 | +12.24 |
| മറ്റു വരവുകൾ | 11436369 | 11935889 | 499520 | +4.36 |
| ആകെ | 17897226 | 19471019 | 1573793 | +8.79 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 168480 | 114 |
| കർഷകതൊഴിലാളി പെൻഷൻ | 2919010 | 256 |
| വിധവാപെൻഷൻ | 14357140 | 1227 |
| വാർദ്ധക്യകാലപെൻഷൻ | 20659990 | 1400 |
| വികലാംഗപെൻഷൻ | 3837525 | 301 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 868480 | 50 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 510000 | 17 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.10.2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 57,720/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ ഫലപ്രദമായി പ്രവർത്തിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30/08/17 | മെയ് 2017 | 19.9.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17/11/2003മുതൽ 3/12/2003 വരെ | 1997-98 മുതൽ 2002-03 വരെ | 22.04.2004 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നിർജ്ജീവ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യാവുന്നതാണ്

2016-17 വർഷത്തെ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളിലൂടെ ഓഡിറ്റ് വർഷം പഞ്ചായത്ത് ധനവിനിമയം നടത്തിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ബാങ്കിന്റെ പേര് | 31.3.2017ലെ നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|
| ടി.ഡി.സി. ബാങ്ക് തനതുഫണ്ട് | 253377 | 2016-17ൽ പലിശയോ മറ്റു ഇടപാടുകളോ ഇല്ല |
| VPF-III(6) | 12253 | 2011 മുതൽ ഇടപാടുകളില്ല |

തനതു ഫണ്ടിനു കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ട് ആണ് നിലവിൽ ഉപയോഗിക്കുന്നത്. ലെഡ്ജർ പ്രകാരം 2011 മുതൽ നിർജ്ജീവമായ VPF -III(6) അക്കൗണ്ട് ട്രഷറി പാസ്സ് ബുക്ക് ഓഡിറ്റിനു ലഭ്യമാക്കിയില്ല. നിർജ്ജീവമായ അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-2 2013-14 വർഷത്തിനു മുമ്പുള്ള വാടക കുടിശ്ശിക ഈടാക്കാതെ സ്ഥാപനത്തിൽ നിന്നും 15-16 ലെ കുടിശ്ശിക ഈടാക്കി - 4200/- വരവ് നഷ്ടം

കെ.എസ്.ഇ.ബി (പഞ്ചായത്ത് കെട്ടിട നം 5/488) വാടക അരിയർ ഇനത്തിൽ 2016-17 ൽ 9450/- അടവാക്കിയിട്ടുണ്ട്. എന്നാൽ ഈ തുക 2015-16 വർഷത്തെ കെ.എസ്.സി.ബി.യുടെ വാടക അരിയർ ആയിട്ടാണ് ഈടാക്കിയിട്ടുള്ളത്. 2013-14 വർഷത്തിനു മുൻപുള്ള കെ.എസ്.ഇ.ബി. യുടെ അരിയർ തുക 4200/- ടി സ്ഥാപനത്തിൽ നിന്നും ഇതു വരെ ഈടാക്കിയിട്ടില്ല. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പനുസരിച്ച് ഏതെങ്കിലും കാരണത്താൽ നികുതി ചുമത്തലിൽ നിന്ന് രക്ഷപ്പെട്ടാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് അങ്ങനെയുള്ള നികുതി ചുമത്തേണ്ടുന്ന തിയ്യതി മുതൽ നാലു വർഷത്തിനുമേൽ ഏതു സമയത്തും ആയത് തിട്ടപ്പെടുത്തി നോട്ടീസ് നൽകി പണമടയ്ക്കാൻ ആവശ്യപ്പെടാവുന്നതാണ്. പക്ഷെ യഥാസമയം നടപടി എടുക്കാത്തതുമൂലം നികുതി കാലഹരണപ്പെട്ടുപോകുന്ന പക്ഷം ആയത് 243(3) വകുപ്പനുസരിച്ച് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായിത്തീരുന്നതുമാണ്. ആയതിനാൽ മേൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതമാക്കേണ്ടതാണ്.

വാടക-മറ്റു അപാകതകൾ

1.10.16 ലെ 61/16-17/EE/Ele.Dn/Kdlr നമ്പർ എഗ്രിമെന്റ് പ്രകാരം 18.6.16 മുതൽ മുൻകാല പ്രാബല്യത്തോടെ 3308/- രൂപ വാടക നിരക്കിൽ കെ.എസ്.ഇ.ബി. യുമായി ഒരു വർഷത്തേക്ക് വാടക പുതുക്കിയെങ്കിലും ടി സ്ഥാപനം എഗ്രിമെന്റിനു വിരുദ്ധമായി 2016-17ലെ ബാക്കിയുള്ള കാലയളവിലും പഴയ നിരക്കിലുള്ള വാടകയാണ് (3150/-)അടച്ചു പോരുന്നത്. 14.3.2016 ലെ സെക്രട്ടറിയുടെ A7-2315/16 നമ്പർ കത്തു പ്രകാരം വാടക എഗ്രിമെന്റ് വയ്ക്കുന്നതിനു നിർദ്ദേശം എല്ലാ സ്ഥാപനങ്ങൾക്കും നൽകിയിരുന്നെങ്കിലും മേൽപ്പറഞ്ഞ സ്ഥാപനത്തിനു 1.10.16 വരെ കരാറില്ലാതെ പ്രവർത്തിക്കാനനുവദിച്ചു. ബിൽഡിംഗ് വാടക, വാല്യുവേഷൻ ഫയൽ, കെ.എസ്.ഇ.ബി.യുമായി മുൻ വർഷകാലങ്ങളിൽ വെച്ച കരാറുകൾ, 2017-18 വർഷം 18.6.17 മുതൽ വാടക പുതുക്കിക്കൊണ്ടുള്ള കരാർ, സ്ഥാപനങ്ങളിൽ നിന്നുള്ള സെക്യൂരിറ്റി നിക്ഷേപ വിവരങ്ങൾ എന്നിവ ഓഡിറ്റ് എൻക്വയറി നം. 2/9.10.17 മുഖേന ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല.

പഞ്ചായത്തിനു അംഗീകൃത ബൈലോ ഇല്ലാത്തതിനാൽ കമ്മറ്റി തീരുമാനപ്രകാരം ആണ് വാടക വർദ്ധനവ് നിശ്ചയിക്കുന്നത്.

സെക്യൂരിറ്റി ഇനത്തിൽ വളരെ കുറവ് തുകയാണ് സ്ഥാപനങ്ങളിൽ നിന്ന് ഈടായി സ്വീകരിച്ചിട്ടുള്ളത്. മുൻവർഷങ്ങളിൽ സെക്യൂരിറ്റി നിക്ഷേപം ഒരു മാസത്തെ വാടകയേക്കാളും കുറവായാണ് സ്വീകരിച്ചു വരുന്നതെങ്കിൽ കടമുറി പ്രവർത്തനം അവസാനിപ്പിക്കുന്നതും മറ്റും മൂലമുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനായി 6 മാസത്തെ വാടക സെക്യൂരിറ്റി നിക്ഷേപമായി സ്വീകരിക്കാവുന്നതാണ്. പിന്നീട് വാടക വർദ്ധനവ് വരുത്തുന്നതിനാനുപാതികമായി നിക്ഷേപത്തിലും വർദ്ധനവ് വരുത്തേണ്ടതാണ്. ടി വിവരം കരാറിലും സെക്യൂരിറ്റി നിക്ഷേപ രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതുമാണ്. പിഴപ്പലിശ എത്ര ശതമാനം, അവ ഈടാക്കിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്

## 2-3 ടെണ്ടർ ഫോം ഫി ,വാറ്റ് അടവാക്കിയില്ല

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിൽ ടെണ്ടർ ഫോം ഫീ, VAT എന്നിവ അടവാക്കിയില്ല.

പദ്ധതി:So 160/17(സ്പിൽ ഓവർ)

മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചറുകൾ നൽകൽ

അടങ്കൽ : 200000

പദ്ധതി: So 86/17(പുതിയത്)
മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചറുകൾ നൽകൽ

അടങ്കൽ : 200000

17.3.2017ൽ നടന്ന ടെണ്ടർ നടപടിയിൽ പങ്കെടുത്ത KADCO, FIDCO Ltd., ഒളവണ്ണ, Impact Enterprises മലപ്പുറം എന്നീ സ്ഥാപനങ്ങളിൽനിന്ന് ടെണ്ടർ ഫോം ഫീ, VAT എന്നിവ ഫിഷറീസ് ഇൻസ്പെക്ടറുടെ രസീതുബുക്ക് നമ്പർ 16756 പ്രകാരം ഈടാക്കിയിട്ടില്ല.

വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയതിനു (എൻക്വയറി നം.14/12.10.17) മറുപടി ലഭ്യമാക്കിയില്ല

1000+5% VAT (ടെണ്ടർ ഫോറം വില ഒന്നിന് 1000 രൂപ നിരക്കിൽ 3000 രൂപയും വാറ്റ് 150 രൂപയും) നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്

## 2-4 ഇ ടെണ്ടർ ഫോം ഫി -കുടിശ്ശിക ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്

2016-17 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ 16 പ്രോജക്ടുകൾ ഇ-ടെണ്ടർ നടത്തുകയുണ്ടായി. ഇ-ടെണ്ടർ നടപടികളിലൂടെ ഗ്രാമപഞ്ചായത്തിന് അരിയർ ആയി ലഭിക്കേണ്ട തുക എത്രയെന്നു എൻക്വയറി നൽകിയെങ്കിലും 16-17ലെ ലഭ്യമാകേണ്ട ടെണ്ടർ ഫീ തുക 28090 രൂപയുടെ വിവരം മാത്രമെ ലഭ്യമാക്കിയിട്ടുള്ളൂ. സെയിൽ ഓഫ് ടെണ്ടർ ഫോംസ് ഇനത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്ന് 15000/- രൂപ വരവ് വന്നത് ലെഡ്ജറിൽ ചേർത്തിട്ടുണ്ട്. ഇ-ടെണ്ടർ ഫീസ് വിവരം അതതു വർഷങ്ങളിൽ ലഭിക്കേണ്ട വിവരം അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തി വെക്കേണ്ടതാണ്

## 2-5 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല; ഡി ആന്റ് ഒ, സ്ഥാപന തൊഴിൽ നികുതി നൽകാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കൈപ്പമംഗലം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ഡി & ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ വിവരം സംബന്ധിച്ച് രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കൈപമംഗലം ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള 20 വാർഡുകളിൽ സ്ഥിതിചെയ്യുന്ന എല്ലാ സ്ഥാപനങ്ങളെയും ഡി & ഒലൈസൻസിന്റെ പരിധിയിൽ കൊണ്ടുവന്നതായി കാണുന്നില്ല. വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഹെൽത്ത് ഇൻസ്പെക്ടർ നടത്തിയ പരിശോധനയിൽ കണ്ട അപാകതകൾക്ക് ഫൈൻ ഈടാക്കിയിട്ടുണ്ട്.

എന്നിട്ടും ലൈസൻസ് എടുക്കാത്ത ചില സ്ഥാപനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| പേര് | സ്ഥാപനം | HI യുടെ രസീത് ബുക്ക്/രസീത് നം | ഒടുക്കിയ ഫൈൻ/തീയതി |
|---|---|---|---|
| ജനീഷ്. കെ.ജെ. | കിഡ്സ് ലേഡീസ് സെന്റർ | 10383/5 | 200/-, തി.17.12.2016 |
| അലി, തോട്ടുപറമ്പത്ത് | ഗ്രീൻ ജോൺ സ്റ്റോഴ്സ്, പള്ളിവളവ് | 10383/8 | 200/-, തി. 17.12.2016 |
| തമ്പി കോഴിപറമ്പിൽ | അപ്പു സ്റ്റോഴ്സ് (I/71) | 10383/9 | 500/-, തി. 23.12.2016 |
| ആദിൽഷ, പള്ളിപ്പറമ്പിൽ | നിഹാൽ ട്രേഡേഴ്സ് | 10383/11 | 200/- തി. 23.12.2016 |
| ഷാനവാസ്.കെ.വൈ., കല്ലിപ്പറമ്പിൽ | മാഗ്നെറ്റ് കാളമുറി | 10383/12 | 200/- തി. 23.12.2016 |
| കൊച്ചുമുഹമ്മദ്, പുഴങ്ങരയില്ലത്ത് | പേരില്ല | 10383/15 | 300/-, തി. 28.12.2016 |
| അബ്ദുൾ സമദ്, ചെന്നറ വീട് | പേരില്ല | 10383/13 | 500/-, തി. 23.12.2016 |
| അബ്ദുൾ മനാഫ്, തിണ്ടിക്കൽ വീട് | പേരില്ല | 10383/14 | 200/-, തി. 23.12.2016 |

ടി സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 10/9.10.17)

വാർഡ് തിരിച്ചുള്ള നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ കണക്ക് (സഞ്ചയപ്രകാരം)

| വാർഡ് | സഞ്ചയ പ്രകാരം നോൺ-റസിഡൻഷ്യൽ കെട്ടിടങ്ങളുടെ എണ്ണം |
|---|---|
| 1 | 44 |
| 2 | 61 |
| 3 | 110 |
| 4 | 302 |
| 5 | 91 |
| 6 | 80 |
| 7 | 180 |
| 8 | 100 |
| 9 | 49 |
| 10 | 103 |

| | |
|---|---|
| 11 | 367 |
| 12 | 303 |
| 13 | 93 |
| 14 | 90 |
| 15 | 73 |
| 16 | 33 |
| 17 | 189 |
| 18 | 45 |
| 19 | 58 |
| 20 | 121 |

വാർഡ് തലത്തിൽ ഫീൽഡ് സന്ദർശനം നടത്തി ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തേണ്ടതും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-6 ഓഡിറ്റ് ഇംപാക്ട്

2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റിൽ ലേലം, ഡി ആന്റ് ഒ – തൊഴിൽ നികുതി പരിശോധനയിൽ നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ഗ്രാമപഞ്ചായത്തിൽ അടവാക്കിയ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | അടവാക്കിയ വ്യക്തിയുടെ പേര് | ഇനം | അടവാക്കിയ തുക | എൻക്വയറി നം. | അടവാക്കിയ സാംഖ്യ രസീത്/തീയതി |
|---|---|---|---|---|---|
| 1 | ചാന്ദ് വി ഇൻഡസ്ട്രീസ് | ജീവനക്കാരുടെ തൊഴിൽ നികുതി | 360 | 11/12.10.17 | 117010103968/ 13.10.2017 |
| 2 | യുണൈറ്റഡ് ട്രേഡിംഗ് കോർപറേഷൻ പെട്രോൾ പമ്പ് | ജീവനക്കാരുടെ തൊഴിൽ നികുതി | 360 | 11/12.10.17 | 117010103970/ 16.9.2017 |
| 3 | സുധീഷ് ഇൻഡസ്ട്രീസ് | ജീവനക്കാരുടെ തൊഴിൽ നികുതി | 360 | 11/12.10.17 | 117010103969/ 13.10.2017 |
| 4 | മംഗല്യ ജ്വല്ലേഴ്സ് | ജീവനക്കാരുടെ തൊഴിൽ നികുതി | 300 | 11/12.10.17 | 117010103971/ 13.10.2017 |
| 5 | അബ്ദു താണത്തുപറമ്പിൽ | റിക്കവറി പേയബിൾ- ആദായനികുതി | 65 | 9/12.10.17 | 117010103975/ 13.10.2017 |

| | | | | | |
|---|---|---|---|---|---|
| 6 | നവാസ് ഇല്ലത്തു പറമ്പിൽ | റിക്കവറി പേയബിൾ- ആദായനികുതി | 49 | 9/12.10.17 | 117010103973/ 13.10.2017 |
| 7 | അയ്യമോൻ ഇരിങ്ങതിരുത്തി | റിക്കവറി പേയബിൾ – ആദായനികുതി | 54 | 9/12.10.17 | 117010103974/ 13.10.2017 |
| | | ആകെ | 1548/- | | |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഓണം അഡ്വാൻസ് -പൂർണമായും ഈടാക്കിയിട്ടില്ല

വാർഷിക കണക്കപ്രകാരം 15000 രൂപ ഓണം അഡ്വാൻസ് ഇനത്തിൽ പിരിച്ചെടുക്കാനുണ്ട്. ഇതിൽ 12000 രൂപ 2016-17 സാമ്പത്തികവർഷം പിരിച്ചെടുത്തിട്ടുണ്ട്. ബാക്കിയുള്ള 3000രൂപ ഹെഡ് ക്ലർക്ക് സനീഷ് എന്നവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 ആദായനികുതി ഈടാക്കേണ്ടതാണ്

പദ്ധതി നം. 72/17

പൗരാവകാശ രേഖ പ്രിന്റിംഗ്

തനതു ഫണ്ട്

(അടങ്കൽ) 150000 രൂപ

ചെലവ് 148500 രൂപ

01.04.16 മുതൽ 31.03.17 വരെയുള്ള കാലയളവിൽ പഞ്ചായത്തിലെ പദ്ധതി - പദ്ധതിയിതര അച്ചടി ജോലികൾ ക്വട്ടേഷൻ മുഖേന മെസേഴ്സ് സ്റ്റാർ ഓഫ് സെറ്റ് പ്രിന്റേഴ്സ് കൊടുങ്ങല്ലൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (കമ്മിറ്റി തീരുമാനം നം. 7 തിയ്യതി 27.6.16) . മേൽപദ്ധതിക്കായി പൗരാവകാശരേഖ പ്രിന്റു ചെയ്യുന്നതിന് (1350 കോപ്പി) ടി സ്ഥാപനത്തിന് 148500 രൂപ കൈമാറിയിട്ടുണ്ട്. (1350x110 രൂപ) ബിൽ നം.3336 /28.03.17 ടി ബില്ല് പരിശോധിച്ചതിൽ നിയമാനുസൃത ആദായനികുതി 1485/- രൂപ പിരിച്ചതായി കാണുന്നില്ല. ആയത് ഈടാക്കി അടവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 21/13.10.2017

## 3-3 തീരദേശപരിപാലനനിയമത്തിന് വിരുദ്ധമായി അനധികൃത കെട്ടിടനിർമാണം.

ഗ്രാമപഞ്ചായത്തിലെ 19-ാം വാർഡിൽ കമ്പനിക്കടവ് എന്ന സ്ഥലത്ത് കുന്നികുളത്ത് വാസുദേവൻ മകൻ സുജൻ എന്നവർ ഗ്രാമപഞ്ചായത്തിന്റെ അനുമതി ഇല്ലാതെ കടലിന് വളരെ സമീപത്തായ സീവാൾ റോഡിനോട് ചേർന്ന് 514/69 സർവ്വെ നമ്പറിൽ ഒരു മൂന്നുനില കെട്ടിടം പണിതിട്ടുള്ളതായി ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനീയർ ശ്രീമതി. എം.എം. സമീറയുടെ സാന്നിദ്ധ്യത്തിലുള്ള സ്ഥലപരിശോധനയിൽ കണ്ടു. ഗ്രാമപഞ്ചായത്ത് ഇതിന്മേൽ സ്വീകരിച്ച നടപടിക്കെതിരെ കെട്ടിട ഉടമ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ മുമ്പാകെ പരാതി സമർപ്പിച്ചപ്പോൾ ഗ്രാമപഞ്ചായത്തിൽ നിന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235-ാം വകുപ്പ് പ്രകാരം താല്ക്കാലിക നോട്ടീസ്, കാരണം കാണിക്കൽ നോട്ടീസ് എന്നിവ നൽകിയില്ല എന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഓംബുഡ്സ്മാൻ ഉത്തരവിനനുസരിച്ചുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് ഇക്കാര്യത്തിലുള്ള പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

## 3-4 ധനവിനിയോഗ സർട്ടിഫിക്കറ്റ് കൈപ്പറ്റ രസീത് ലഭ്യമാക്കേണ്ടതാണ്

താഴെ പറയുന്ന പദ്ധതികളുടെ നിർവ്വഹണത്തിനായി വിവിധ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ്/കൈപ്പറ്റ രസീത് ഓഡിറ്റിന് ഹാജരാക്കിയില്ല.

| ക്രമനം | പദ്ധതി നമ്പർ/ പേര് | ബിൽ നം/ തിയ്യതി | തുക | കൈമാറിയ സ്ഥാപനം |
|---|---|---|---|---|
| 1 | 69/16 – 17 ഐ.എ.വൈ. ജനറൽ | 8/28.09.16 | 240000 | മതിലകം ബ്ലോക്ക് പഞ്ചായത്ത് |
| 2 | 133/16-17 ഐ.കെ.എം. ന് വിഹിതം | 11/24.10.16 | 115280 | ഐ.കെ.എം. തിരുവനന്തപുരം |
| 3 | 146/16-17 വിവിധ വാർഡുകളിൽ പോസ്റ്റ് സ്ഥാപിച്ച് സ്ട്രീറ്റ് ഇലക്ട്രിക്കൽ സെക്ഷൻ മെയിൻ വലിക്കൽ | 9/06.03.17 | 518275 | അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ കൈപ്പമംഗലം |
| 4 | 151/16-17 പൊതു ടാപ്പ് സ്ഥാപിക്കൽ-വാർഡ് 6 | 45/31.03.17 | 45000 | അസി.എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി, മതിലകം |
| 5 | 150/16 -17 വൃദ്ധസദനം കെട്ടിടം വൈദ്യുതീകരണം | 46/31.03.17 | 177750 | അസി.എഞ്ചിനീയർ കെ.എസ്.ഇ.ബി കൈപ്പമംഗലം |

| | | | | |
|---|---|---|---|---|
| 6 | 82/16-17<br>ഐ.എ.വൈ.<br>പട്ടികജാതി വിഹിതം | 8/17.02.17 | 540000 | മതിലകം<br>ബ്ലോക്ക് പഞ്ചായത്ത് |
| 7 | 179/16-17<br>2015 -16 ലെ<br>ഗുണഭോക്താക്കൾക്ക്<br>ഐ.എ.വൈ.<br>അധിക വിഹിതം<br>നൽകൽ (എസ്.സി) | | 325000 | മതിലകം<br>ബ്ലോക്ക് പഞ്ചായത്ത് |
| | | ആകെ | 1961305 | |

മേൽപ്പറഞ്ഞ രേഖകളുടെ അഭാവത്തിൽ ആകെ ചെലവുതുക 1961305 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# 3-5 പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം- 7/11/2016 നു ശേഷമുള്ള അപേക്ഷകളിൽ പെൻഷൻ ഇതുവരെ ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതു മൂലം പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായി ഓഡിറ്റ് പരിശോധനയിൽ കണ്ടു. രജിസ്റ്ററിൽ പെൻഷൻ നൽകിയ വിവരം കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. വിവിധ പെൻഷൻ അപേക്ഷകളിൻമേൽ തീരുമാനമെടുക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥർക്ക് നല്കുന്നതിലും അന്വേഷണ റിപ്പോർട്ടുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ തിരികെ നൽകുന്നതിലും അപേക്ഷകൾ കമ്മിറ്റി അംഗീകാരത്തിനായി സമർപ്പിക്കുന്നതിലും കാലതാമസമുള്ളതായി പരിശോധനയിൽ കണ്ടു. ലഭ്യമായ അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനമെടുക്കാത്തതു മൂലം വളരെയധികം പേർക്ക് അപേക്ഷാ തിയതി മുതൽ പെൻഷൻ ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. പെൻഷനുകൾ നേരിട്ട് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്ന സംവിധാനം (DBT) നിലവിൽ വന്ന സാഹചര്യത്തിൽ വിവരങ്ങൾ സേവന സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യുന്ന തിയതി മുതൽ മാത്രമേ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുകയുള്ളൂ. 31.5.17 മുതൽ ഡാറ്റാ എൻട്രി ബ്ലോക്ക് ചെയ്തതിനാൽ അതിനു ശേഷം ഓഡിറ്റ് തീയതി വരെ ഡാറ്റാ എൻട്രി നടത്തിയിട്ടില്ല മാത്രവുമല്ല 3/17, 4/17ൽ ഡാറ്റാ എൻട്രി നടത്തിയ ഗുണഭോക്താക്കൾക്ക് 9/17 വരെയുള്ള കാലയളവുകളിലായാണ് അക്കൗണ്ടുകളിൽ പെൻഷൻ ലഭ്യമായിട്ടുള്ളത് എന്നതിനാൽ സാമൂഹ്യ സുരക്ഷാ പദ്ധതി എന്ന നിലയിൽ പെൻഷൻ സംബന്ധിച്ച നടപടിക്രമങ്ങൾ സമയബന്ധിതമായി തീർത്ത് ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതുമാണ്.

# 3-6 ലോഗ്ബുക്ക് പരിശോധനയിൽ കണ്ടെത്തിയ

## അപാകതകൾ

സെക്രട്ടറിയുടെ ഉടമസ്ഥതയിലുണ്ടായിരുന്നതും 3/2017 ൽ കണ്ടം ചെയ്തതുമായ വാഹനം KL-47-1761 മഹീന്ദ്ര ബൊലീറോ ജീപ്പിന്റെ ലോഗ്ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു

1) വാഹന ഉപയോഗ വിവരങ്ങൾ എല്ലാം ലോഗ്ബുക്കിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല

2)തൻമാസത്തെ ഇന്ധനം നിറച്ച വിവരം, ഇന്ധന ഉപഭോഗം, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തക്കുറിപ്പ് എന്നിവ ലോഗ്ബുക്കിൽ എഴുതിയിരുന്നില്ല

3)മൈലേജ് ടെസ്റ്റ് 2015-16, 2016-17 കാലയളവിൽ നടത്തിയിട്ടില്ല. അറ്റകുറ്റപ്പണികൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നില്ല

മേൽ പറഞ്ഞവയുടെ അഭാവത്തിൽ ഇന്ധനക്ഷമതാ സാക്ഷ്യപത്രം പ്രകാരമുള്ള വാഹനത്തിന്റെ ചെലവ് രേഖകൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്കുള്ള (13/12.10.2017) മറുപടിയിൽ, വാഹനപ്പഴക്കംമൂലം 3/17ൽ കണ്ടം ചെയ്ത വാഹനത്തിന്റെ ടാങ്കുകൾക്ക് കേടുപാടുള്ളതിനാൽ മൈലേജ് ടെസ്റ്റ് നടത്തിയിട്ടില്ലായെന്നും നിലവിലെ വണ്ടിയുടെ ബുക്ക് വാല്യുവിനേക്കാൾ ചെലവു വരുന്നതിനാൽ അറ്റകുറ്റപ്പണികൾ ചെയ്തിട്ടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്.പുതുതായി 4/17ൽ വാങ്ങിയ വാഹനത്തിന്റെ ലോഗ്ബുക്ക് വാഹന പരിപാലനം, സംരക്ഷണം എന്നിവ സംബന്ധിച്ച സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) 170/07/ത.സ്വ.ഭ.വ 30.6.07 പ്രകാരം പരിപാലിക്കുന്നുണ്ടെന്ന് ജാഗ്രതാപൂർവ്വം ഉറപ്പു വരുത്തേണ്ടതാണ്.

# 3-7 പദ്ധതി നമ്പർ 60/17 -പരിരക്ഷാ സാന്ത്വന പരിചരണം. -80000/- മതിയായ രേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

ആകെ പദ്ധതി അടങ്കൽ – 450000/-

പ്ലാൻ വിഹിതം – 350000/-

ബ്ലോക്ക് വിഹിതം – 100000/-

വൗച്ചർ നം. 1/2016-17/28.03.17, 80000/- രൂപ

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും NAC, മരുന്നു വാങ്ങുന്നതിനായി ഇന്റന്റ് തയ്യാറാക്കിയത്, ഓർഡർ നമ്പർ, മരുന്നുകൾ ലഭ്യമാക്കിയ ഇൻവോയ്സ് രസീതുകൾ, സ്റ്റോക്കിലെടുത്ത വിവരങ്ങൾ എന്നിവയുടെ അഭാവത്തിൽ മരുന്നിനായി ചെലവാക്കിയ 80000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

മറ്റു അപാകതകൾ

ഹോം കെയർ ഇനത്തിൽ പദ്ധതിയിൽ വകയിരുത്തിയ 134400/- രൂപക്ക് പകരം 135100/- ചെലവഴിച്ചിട്ടുണ്ട്. (ഒരു ഹോം കെയർ അധികം)

ബ്ലോക്ക് വിഹിതത്തിൽ 75000/- രൂപക്ക് പാലിയേറ്റിവ് കെയറിലേക്ക് ഉപകരണങ്ങൾ വാങ്ങിയതിന്റെ ക്വട്ടേഷൻ ക്ഷണിച്ച വിവരം, കരാർ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കുകയുണ്ടായില്ല. കേരള സർജിക്കൽ എക്യുപ്മെന്റ്സ്-ൽ നിന്നു ഉപകരണങ്ങൾ ലഭ്യമായതിനു ശേഷമാണ് ചെലവുതുക കൈമാറിയതെങ്കിലും ക്വട്ടേഷൻ സ്വീകരിച്ച കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

പദ്ധതി നമ്പർ SO 59/17

(കൈപ്പമംഗലം പി.എച്ച്.എസ്.സി. ലാബിലേക്ക് ഉപകരണങ്ങൾ വാങ്ങൽ)

50000/- രൂപ (മെയിന്റൻസ് ഗ്രാന്റ് റോഡിതരം)

പദ്ധതി പ്രകാരം 15 ഉപകരണങ്ങൾക്കായാണ് 50000/- രൂപ വകയിരുത്തിയിരിക്കുന്നതെങ്കിലും 21 ഉപകരണങ്ങൾ 49944 രൂപക്ക് വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. പദ്ധതിയിലുൾപ്പെട്ടിരുന്ന മൈക്രോ പിപ്പെറ്റ്, ടെസ്റ്റ് ട്യൂബ്, Hbs Ag കാർഡ് എന്നിവ ഒഴിവാക്കിയാണ് 21 ഉപകരണങ്ങളുടെ ക്വട്ടേഷൻ സ്പെസിഫിക്കേഷൻ തയ്യാറാക്കിയിരിക്കുന്നതും ഉപകരണങ്ങൾ വാങ്ങി സ്റ്റോക്കിലെടുത്തിരിക്കുന്നതും. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം മേൽപ്പറഞ്ഞ മൂന്നു ഉപകരണങ്ങളിൽ ആദ്യ രണ്ടെണ്ണം 4.8.15, 14.3.16 എന്നീ തിയ്യതികളിൽ സ്റ്റോക്ക് കഴിഞ്ഞതായും മൂന്നാമത്തെ ഇനം 21.6.16 ൽ 20 എണ്ണം സ്റ്റോക്കിലുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്.

ക്വട്ടേഷൻ സ്വീകരിച്ച കെംപ്റ്റ്യൂര ഡയഗ്ണോസ്റ്റിക്സ് കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി (നം 22/13.10.2017 )നൽകിയെങ്കിലും വിശദീകരണം ലഭ്യമായിട്ടില്ല.

കൃത്യമായ ആസൂത്രണത്തോടെ പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതി - നടപ്പാക്കുന്നതിൽ അലംഭാവം

പദ്ധതി:So 160/17(സ്പിൽ ഓവർ)-
മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചറുകൾ നൽകൽ

അടങ്കൽ :200000

പദ്ധതി:So 86/17(പുതിയത്)
മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചറുകൾ നൽകൽ

അടങ്കൽ :200000

ടെണ്ടർ നോട്ടീസിൽ ഇ.എം.ഡി., ടെണ്ടർ ഫോം ഫീ, വാറ്റ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല (നോട്ടീസ് നം G4-9938/17 തീയതി 3.3.2017)

കരാർ വെച്ചതിൽ കരാർ നമ്പർ, മറ്റു വിശദാംശങ്ങൾ എഴുതിയിട്ടില്ല. 200 രൂപ മുദ്രപത്രത്തിൽ കരാർ വെക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയതിനു (എൻക്വയറി നം14/12.10.17) മറുപടി ലഭ്യമാക്കിയില്ല

s0160/17 സ്പിൽ ഓവർ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചറുകൾ നൽകുന്നതിനായി 200,000/-രൂപ 2016-17ൽ വകയിരുത്തിയതിൽ ആകെ 83653/-രൂപ (21 കുട്ടികൾ) മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതിൽ രണ്ടു കുട്ടികൾ പദ്ധതി സ്പിൽ ഓവർ ആകുന്നതിനു മുമ്പ് 2015-16 സ്കൂൾ സാക്ഷ്യപത്രം പ്രകാരം യോഗ്യരാണെങ്കിലും 2016-17 ൽ 12-ാം ക്ലാസ്സ് കഴിഞ്ഞവരാണ്. ഇതേ പദ്ധതി, പുതുതായി 2016-17 ൽ (s0 86/17പദ്ധതി പ്രകാരം) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചറുകൾ നൽകുന്നതിനായി നടപ്പിലാക്കിയിട്ടുണ്ട്. തനതു ഫണ്ടിൽ നിന്നു 2,00,000/-രൂപ വകയിരുത്തിയതിൽ ആകെ 87636/-രൂപ (22കുട്ടികൾ) മാത്രമാണ് ഇതിലും ചെലവഴിച്ചത്.

s0159/17 സ്പിൽ ഓവർ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് വല നൽകുന്നതിനായി 280000/- രൂപ വകയിരുത്തിയതിൽ ആകെ 36000/-രൂപ മാത്രമാണ് ചെലവഴിച്ചത്. (ആകെ 6 പേർക്ക് 6x2000 (ഗുണഭോക്തൃ വിഹിതം)+24000 (പ്ലാൻ ഫണ്ട് ജനറൽ)). ഗുണഭോക്താക്കൾക്ക് വല ലഭിച്ചത് 22.4.17, 29.5.17 തീയതികളിലായാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ s087/17 പുതിയ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് വഞ്ചി, വല നൽകുന്നതിനായി 7,00,000/-രൂപ എസ്റ്റിമേറ്റിൽ പദ്ധതി തയ്യാറാക്കിയിരുന്നെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല. പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ അലംഭാവമുള്ളതായി കാണുന്നു. പദ്ധതികൾ യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുകയും കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുമാണ്.

## 3-9 ഹോമിയോ ആശുപത്രിയിലേക്ക് ലഭിക്കേണ്ട മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല

S088/17 പദ്ധതി ഭാഗമായി ഹോമിയോ ആശുപത്രിയിലേക്ക് ലഭിക്കേണ്ട മരുന്നുകൾ HOMCO, ആലപ്പുഴയിൽ നിന്നും ഇനിയും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നമ്പർ | നിർവ്വഹണോദ്യോഗസ്ഥൻ | പദ്ധതി ചെലവ് | ട്രഷറി ബിൽ നമ്പർ/തീയതി | മരുന്നുകളുടെ വിവരം (തുകയുടെ |
|---|---|---|---|---|

| | | | | അടിസ്ഥാനത്തിൽ) | |
|---|---|---|---|---|---|
| | | | | ലഭിച്ചത് | ലഭിക്കാനുള്ളത് |
| So88/17 | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി | 100000 | 1/2016-17 23.2.2017 | - | 100000 |

മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-10 എസ്.എസ്.എ – ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 500000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

പദ്ധതി നം. 62/16-17

സർവ്വശിക്ഷാ അഭിയാൻ

ട്രഷറി ബിൽ നം 1/16 – 17/20.12.16

തുക -500000 രൂപ

ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി എസ്.എസ്.എ പദ്ധതിപ്രകാരം കൈമാറിയ തുകയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. 2016-17 വർഷത്തെ ധനവിനിയോഗ സാക്ഷ്യപത്രവും വരവ് ചെലവുകണക്കുകളും എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസിൽ നിന്നും ലഭ്യമാക്കി ആകെ ചെലവിന്റെ 40% ത്തിലധികം തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് അടുത്ത വർഷത്തെ വിഹിതത്തിൽ നിന്ന് കുറവ് വരുത്തേണ്ടതാണ്.

## 3-11 ക്ഷീരകർഷകർക്ക് പ്രോത്സാഹനം- സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശം പാലിക്കാതെ പദ്ധതി നടപ്പാക്കി.

പദ്ധതി നമ്പർ 66/17

ക്ഷീരകർഷകർക്ക് പ്രോത്സാഹനം (കാലിത്തീറ്റ സബ്സിഡി)

അടങ്കൽ തുക 500000 രൂപ (വികസന ഫണ്ട് 350000 + ബ്ലോക്ക് ഫണ്ട് 150000)

ചെലവ് 500000 രൂപ

ട്രഷറി ബിൽ നം 6/16 – 17 350000/24. 03.17

മേൽപ്പറഞ്ഞ പദ്ധതി പ്രകാരം കേരള ഫീഡ്സിൽ നിന്നും 500000 രൂപയ്ക്ക് 495 ബാഗ് കാലിത്തീറ്റ വാങ്ങി 3 ക്ഷീരസംഘങ്ങൾക്ക് വിതരണം ചെയ്തു. മൃഗസംരക്ഷണം - ക്ഷീര വികസനം സബ്സിഡി മാർഗ്ഗരേഖ (ജി.ഒ. (എം.എസ്) 4/2016 തസ്വഭവ 11.01.2016 ) പ്രകാരമുള്ള സബ്സിഡി ഇനങ്ങളിൽ കാലിത്തീറ്റ ഉൾപ്പെടുന്നില്ല. പകരം ക്ഷീരസംഘങ്ങളിൽ അളക്കുന്ന

പാലിന് ലിറ്ററിന് 4 രൂപ തോതിൽ കണക്കാക്കി അത്രയും തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം. ഈ രീതി അവലംബിക്കാതെ കാലിത്തീറ്റ വിതരണം നടത്തിയത് മാർഗ്ഗരേഖ നിർദ്ദേശത്തിന്റെ ലംഘനമാണ്. ക്ഷീരകർഷകർക്ക് പാലുല്പാദനത്തിന് പ്രോത്സാഹനമായി ആവിഷ്കരിച്ച പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശാനുസരണം നടപ്പിലാക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടത്തിയ ചെലവു തുക 500000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 ഭൗതിക സാഹചര്യം ഒരുക്കാതെ വാങ്ങൽ നടത്തി - തണൽ കേന്ദ്രത്തിലേക്ക് വാങ്ങിയ ഉപകരണങ്ങൾ വിതരണം നടത്താതെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു. 274500 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

പദ്ധതി നം 42/16-17

തണൽ കേന്ദ്രങ്ങളുടെ വികസനം

അടങ്കൽ തുക 281500 രൂപ (പദ്ധതി ഫണ്ട് 188100 രൂപ + തനതു ഫണ്ട് 93400 രൂപ)

ചെലവുതുക 274500 രൂപ

ട്രഷറി ബിൽ നം .10/30.3.17

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം തണൽ കേന്ദ്രങ്ങളുടെ ഭൗതിക നിലവാരം മെച്ചപ്പെടുത്തുന്നതിലേക്ക് ടിവി 3 എണ്ണം, ഫാൻ (സീലിംഗ് &പെഡസ്റ്റൽ) 8എണ്ണം, ഫ്രിഡ്ജ് -1, വാട്ടർ പ്യൂരിഫയർ -1, സ്റ്റൗ -1, തുടങ്ങിയ ഉപകരണങ്ങളും, കസേര, മേശ, പാത്രങ്ങൾ, പുസ്തകങ്ങൾ തുടങ്ങിയവയും ടെന്റർ ക്ഷണിച്ച് വാങ്ങൽ നടത്തിയിട്ടുണ്ട്. M/S VECO ട്രേഡിംഗ് തൃശ്ശൂർ എന്ന സ്ഥാപനത്തിന്റെ ബിൽ നം. 279/27.03.17 പ്രകാരം 2,74,500 രൂപയ്ക്ക് സാധനങ്ങൾ വാങ്ങി. ആയത് സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വിതരണം നടത്താതെ പഞ്ചായത്തിലെ ഒരു മുറിയിൽ സൂക്ഷിച്ചിരിക്കുന്നതായി ഭൗതിക പരിശോധനയിൽ കണ്ടെത്തി. പഞ്ചായത്തിലെ 3, 8 വാർഡുകളിലെ അംഗൻവാടികളോട് അനുബന്ധിച്ചുള്ള തണൽ കേന്ദ്രങ്ങളിലും, 20-ാം വാർഡിലെ വയോജന മന്ദിരം തണൽ കേന്ദ്രമാക്കുന്നതിനും വേണ്ടിയാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളതെന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചു.

മേൽപ്പറഞ്ഞവയിൽ 20-ാം വാർഡിലെ വയോജന മന്ദിരം ഭൗതിക പരിശോധനയുടെ ഭാഗമായി സന്ദർശിക്കുകയുണ്ടായി. ടി കെട്ടിടത്തിലേക്ക് സുഗമമായ വഴി ഇല്ല. പരിസരം പുല്ലു വളർന്ന് കാടുപിടിച്ചു കിടക്കുന്നു. 2005ൽ നിർമ്മിതി പണി കഴിച്ച കെട്ടിടം താമസയോഗ്യമല്ലാത്ത അവസ്ഥയിലാണ്. ഭൗതിക സാഹചര്യങ്ങൾ ഒരുക്കാതെ വാങ്ങൽ നടത്തിയതുകൊണ്ട് ഗ്യാരണ്ടി/വാറണ്ടി ഉള്ള ഇലക്ട്രിക് ഉപകരണങ്ങൾ അടക്കമുള്ളവ പഞ്ചായത്തിലെ മുറിയിൽ കഴിഞ്ഞ 7 മാസമായി ഉപയോഗശൂന്യമായി ഇരിക്കുന്നു. ഈ സാഹചര്യത്തിൽ തണൽ കേന്ദ്രങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി വാങ്ങിയ ഉപകരണങ്ങൾ എത്രയും വേഗം വിതരണം

നടത്തേണ്ടതാണ്. മേൽപ്പറഞ്ഞ അപാകത പരിഹരിക്കും വരെ ചെലവുതുക 274500/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. (ഓഡിറ്റ് അന്വേണം നം.5/10.10.2017)

## 3-13 അംഗൻവാടി കെട്ടിടങ്ങൾ ഫിറ്റ്നസ് ഇല്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 33 അംഗൻവാടികളിൽ 28 എണ്ണം സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 30.12.2016 ലെ തസ്വഭവ (ഇ.ഡബ്ല്യൂ.) വകുപ്പ് സർക്കുലർ 79245/ഇ.ഡബ്ല്യൂ. 3/2016 പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. പഞ്ചായത്തിൽ തൻവർഷം പരിശോധന നടത്തി ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലെന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ രേഖാമൂലം അറിയിച്ചു. സുരക്ഷിതത്വം ഉറപ്പുവരുത്താതെ അംഗൻവാടി കെട്ടിടങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കാൻ വേണ്ട അടിയന്തിര നടപടികൾ ബന്ധപ്പെട്ടവർ സ്വീകരിക്കേണ്ടതാണ്.

സ്വന്തമായി കെട്ടിടമില്ലാത്ത 5 അംഗൻവാടികളിൽ 2 എണ്ണം മറ്റു സ്ഥാപനങ്ങളോടനുബന്ധിച്ച് പ്രവർത്തിക്കുന്നു. 28 അംഗൻവാടികളിൽ വൈദ്യുതി കണക്ഷൻ ഉണ്ട്. എന്നാൽ 17 എണ്ണത്തിൽ മാത്രമാണ് വാട്ടർകണക്ഷൻ ഉള്ളത്. കുരിക്കുഴി ക്ലബ്ബിൽ പ്രവർത്തിക്കുന്ന നേതാജി അംഗൻവാടി (നം.31) യിൽ ഒഴികെ ബാക്കിയെല്ലാം ടോയ്‌ലെറ്റ് സൗകര്യമുള്ളവയാണ്. ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റുകൾ 3 എണ്ണത്തിനു മാത്രമാണ് ഉള്ളത്. 18 അംഗൻവാടികൾക്ക് ചുറ്റുമതിൽ ഉണ്ട്. അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് മേൽപ്പറഞ്ഞ ആവശ്യങ്ങൾ മുൻഗണന നിശ്ചയിച്ച് പരിഹരിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-14 പത്താം തരം തുല്യതാ പരീക്ഷ -സാക്ഷരതാ മിഷനിലേക്ക് പണം അടച്ച് രജിസ്റ്റർ ചെയ്തവർ പരീക്ഷ എഴുതുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

പദ്ധതി നം. 65/17

തനതു ഫണ്ട്
അടങ്കൽ തുക 20000 രൂപ

ചെലവ് 15000 രൂപ

പത്താം തുല്യതാ കോഴ്സിൽ രജിസ്റ്റർ ചെയ്യുന്നതിന് ഒരാൾക്ക് 1500 രൂപ വീതം 10 പഠിതാക്കളുടെ ഫീ 15000 രൂപ സംസ്ഥാന സാക്ഷരതാമിഷന് കൈമാറിയിട്ടുണ്ട്. (ഡി.ഡി.നം. 352479 / 31.03.2016 )

പഠിതാക്കൾ താഴെ പറയുന്നവരാണ്.

1. സജീവൻ. കെ.കെ., കരുവത്ത്

2. സുജിത്ത്. കെ.ആർ., കുറുപ്പത്ത്

3. ഷാജി. എൻ.സി., ഞാറ്റുകെട്ടി

4. മാലിക്കുദ്ദീൻ. പി.എച്ച്., പുത്തൻകാട്ടിൽ

5. സിലേഷ്. പി.എം., പറപറമ്പിൽ

6. നസീർ. എൻ.കെ., നെടിയപറമ്പിൽ

7. ഷിബു. കെ.കെ., കണവത്ത്

8. ഷാബി. ടി.ബി., തളിക്കുളം

9. സ്വാതി. ടി.എസ്., തറയിൽ

10. റംലത്ത്. പി.എച്ച്., പള്ളായി പീടികയിൽ

പഞ്ചായത്ത് സാക്ഷരതാ പ്രേരക് ലഭ്യമാക്കിയ അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചില പഠിതാക്കളുടെ ഹാജർനില വളരെ കുറവാണ്. മേൽപ്പറഞ്ഞവർ പരീക്ഷ എഴുതാനിരിക്കുന്നതേയുള്ളൂ എന്ന് പ്രേരക് അറിയിച്ചു. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്താൽ ലഭിക്കുന്ന മൂന്ന് അവസരങ്ങൾ ഉപയോഗപ്പെടുത്തി പരീക്ഷ എഴുതി വിജയിക്കുന്നുവെന്ന് പ്രേരക്മാർ ഉറപ്പുവരുത്തേണ്ടതാണ്. ക്ലാസ്സിൽ കൃത്യമായി ഹാജരാകാതെ പരീക്ഷ എഴുതാത്ത പഠിതാക്കളുടെ പേരിൽ അടവാക്കിയ ഫീ അവരിൽ നിന്നും തിരികെ ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 ആശ്രയ പദ്ധതി -പണം യഥാർത്ഥത്തിൽ ചെലവഴിക്കാതെ കുടുംബശ്രീ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

പദ്ധതി നമ്പർ 135/17 ആശ്രയ പദ്ധതി

വികസന ഫണ്ട് (ജനറൽ)

അടങ്കൽ തുക – 749606 രൂപ

ചെലവ് – 749606 രൂപ

ട്രഷറി ബിൽ നം. 18/13.03.2017

(a) അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം ചെലവു തുക 749606 രൂപ കുടുംബശ്രീ സി.ഡി.എസ് അക്കൗണ്ടിലേക്ക് 13.03.2017 ന് കൈമാറിയിട്ടുണ്ട്. (A/c No. 40288100103802, കേരള ഗ്രാമിൺ ബാങ്ക്). ടി തുക ഓഡിറ്റ് തിയ്യതിവരെയും ചെലവഴിച്ചിട്ടില്ല. 12.04.2006 ലെ ജി.ഒ.(പി) 177/2006 ധനം ഉത്തരവിലെ നിർദ്ദേശം 6.1 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല. പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കാതെ, യഥാർത്ഥത്തിൽ ചെലവുവരാത്ത പ്ലാൻഫണ്ട് വിഹിതം

ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ധനവിനിയോഗ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഈ സാഹചര്യത്തിൽ പദ്ധതി ആവിഷ്ക്കരിച്ച് ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. 749606 രൂപയുടെ ചെലവു വിശദാംശങ്ങൾ ലഭ്യമാകും വരെ തുക തടസ്സത്തിൽ വെയ്ക്കുന്നു. ആശ്രയ കുടുംബങ്ങൾക്കായുള്ള ഭവന നിർമാണ/പുനരുദ്ധാരണപദ്ധതി 2017–18 വർഷം തന്നെ നടപ്പാക്കുന്നതിനായാണ് തുക പിൻവലിച്ചതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. (ഓഡിറ്റ് അന്വേഷണം നം. 8 / 12.10.17)

(b) കൈപ്പമംഗലം പഞ്ചായത്തിലെ സി.ഡി.എസ് കുടുംബശ്രീ ആശ്രയ കണക്കുകൾ പരിശോധിച്ചതിൽ 27.02.2017 ലെ ഉത്തരവ് നം KS/L/6579/2013 പ്രകാരം കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്നും ലഭ്യമായ 3,33,333/- രൂപ ആശ്രയ അക്കൗണ്ടിൽ (40288100103802, കേരള ഗ്രാമീൺ ബാങ്ക്) ഓഡിറ്റ് തിയ്യതി വരെയും വരവു വെച്ചതായി കാണുന്നില്ല. നിലവിൽ ഗുണഭോക്താക്കളുടെ ഭക്ഷണ – മരുന്നു വിതരണത്തിന് പ്ലാൻ ഫണ്ടിൽ നിന്നുള്ള തുകയാണ് വിനിയോഗിക്കുന്നത്. ആയതിനാൽ മേൽപ്പറഞ്ഞ തുക (3,33,333/- രൂപ ചെക്ക് നം SB/XY No. 2298005/7.3.2017) ആശ്രയ അക്കൗണ്ടിലേക്ക് കൈമാറുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(c) പഞ്ചായത്തിൽ നടപ്പാക്കി വരുന്ന ആശ്രയപദ്ധതിയുടെ ഭൗതിക പുരോഗതി അവലോകനം ചുവടെ ചേർക്കുന്നു.

| നം | ഇനം | ഒന്നാം ഘട്ടം പ്രോജക്ട് | രണ്ടാം ഘട്ടം പ്രോജക്ട് |
|---|---|---|---|
| 1 | ആശ്രയ പദ്ധതി സർവേ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ആശ്രയ കുടുംബങ്ങൾ | 83 | 110 |
| 2 | പദ്ധതി പ്രകാരം ആകെ ഗുണഭോക്താക്കൾ | 190 | 229 |
| 3 | പദ്ധതി പ്രകാരം വീടുവെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | ഇല്ല | 12 |
| 4 | നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല |
| 5 | പദ്ധതി പ്രകാരം വീട് ആവശ്യമുള്ളവർ | ഇല്ല | 56 |
| 6 | നാളിതുവരെ ലഭിച്ചവർ | ഇല്ല | 7 |
| 7 | പദ്ധതി പ്രകാരം വീട് റിപ്പയർ ആവശ്യമുള്ളവർ | ഇല്ല | 36 |
| 8 | നാളിതുവരെ ലഭിച്ചവർ | 7 | ഇല്ല |
| 9 | പദ്ധതി പ്രകാരം കക്കൂസ് ആവശ്യമുള്ളവർ | ഇല്ല | 5 |
| 10 | നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല |
| 11 | പദ്ധതി പ്രകാരം കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | ഇല്ല | 10 |
| 12 | നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല |

| | | | |
|---|---|---|---|
| 13 | പദ്ധതി പ്രകാരം വീട് വൈദ്യുതീകരണം ആവശ്യമുള്ളവർ | ഇല്ല | ഇല്ല |
| 14 | നാളിതുവരെ ലഭിച്ചവർ | ഇല്ല | 7 |
| 15 | ഗ്രാമപഞ്ചായത്ത് പരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ഭക്ഷണം, മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം ആവശ്യമുള്ള കുടുംബങ്ങൾ / വ്യക്തികൾ | 33 | 110 |
| 16 | ഗ്രാമപഞ്ചായത്ത് പരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ചലഞ്ച് ഫണ്ട് ഉപയോഗപ്പെടുത്തി ഭക്ഷണം, മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം നൽകുന്ന കുടുംബങ്ങൾ / വ്യക്തികൾ | ഇല്ല | 110 |
| 17 | ആശ്രയ പദ്ധതി പ്രകാരം നാളിതുവരെ വരവ്<br>പ്ലാൻ ഫണ്ട്<br>ചലഞ്ച്ഫണ്ട് | 280000<br>1500000 | 3647794<br>333333 |
| 18 | ആശ്രയ പദ്ധതി പ്രകാരം ചെലവ്<br>പ്ലാൻ ഫണ്ട്<br>ചലഞ്ച്ഫണ്ട് | 220000<br>1500000 | 1750000<br>333333 |
| 19 | നീക്കിയിരിപ്പ്<br>പ്ലാൻ ഫണ്ട്<br>ചലഞ്ച്ഫണ്ട് | 60000<br>NIL | 1897794<br>NIL |
| 20 | ചെലവ് ശതമാനം<br>പ്ലാൻ ഫണ്ട്<br>ചലഞ്ച്ഫണ്ട് | 78.57%<br>100% | 52%<br>100% |

## 3-16 ബസ് സ്റ്റാന്റ് കം ഷോപ്പിങ്-കോംപ്ലക്സ് നിർമ്മാണം-കരാറുകാരനല്ലാത്തയാൾക്ക് തുക നൽകി,മറ്റ് അപാകതകൾ

പ്രൊജക്റ്റ് നം.118/14

അടങ്കൽ തുക -

വികസനഫണ്ട് - 975727

ധനകാര്യകമ്മീഷൻ - 24273

ജില്ലാ പഞ്ചായത്ത് - 2500000

നിർമൽ പുരസ്കാരം - 500000

ആകെ - 4000000

പ്രൊജക്റ്റ് നം. 63/15 (ബഹുവർഷ പ്രോജക്ട്)

അടങ്കൽ തുക
മുൻ അടങ്കൽ - 4000000

MLA ഫണ്ട് - 5500000

ആകെ - 9500000

പ്രൊജക്റ്റ് നം.150/16 (ബഹുവർഷ പ്രൊജക്ട് )

അടങ്കൽ തുക
വികസനഫണ്ട് - 816524

ധനകാര്യ കമ്മീഷൻ - 24273

ജില്ലാ പഞ്ചായത്ത് - 2500000

നിർമൽപുരസ്കാരം - 500000

MLA ഫണ്ട് - 5500000

ആകെ - 9340797

പ്രൊജക്റ്റ് നം.-173/17

അടങ്കൽ തുക
ജില്ലാ പഞ്ചായത്ത് – 2500000

നിർമൽ പുരസ്കാരം - 500000

ആകെ - 3000000

MLA ഫണ്ട് ലഭ്യമാകാത്തതിനാൽ അടങ്കൽ തുക 9500000 രൂപയിൽ നിന്നും 4000000 രൂപയായി കുറച്ചിരുന്നു.

കരാറുകാരൻ -ഇ.എൻ. ഉണ്ണികൃഷ്ണൻ (6.3% കുറവ്)

അളവുപുസ്തകം -138/15-16,119/16-17

ഒന്നാം ഭാഗികബിൽ പ്രകാരം തുക -1004060

രണ്ടാം ഭാഗികബിൽ പ്രകാരം തുക -3249879

2013-14 ൽ ബഹുവർഷ പ്രൊജക്ടായി ആവിഷ്കരിച്ച ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ സംഭവിച്ച അപാകതകളുടെ വിവരം ചുവടെ കൊടുക്കുന്നു.

1. കരാറുകാരനല്ലാത്തയാൾക്ക് തുക നൽകി

ഇരിങ്ങാലക്കുട സബ് കോടതിയിൽ 2009 ൽ OS:40 EP 68/17 നമ്പർ ഉത്തരവ് പ്രകാരം വിധിക്കടം സംഖ്യയിലേക്ക് കൊടുങ്ങല്ലൂർ സബ് ട്രഷറി ബാങ്കിന്റെ 1000000 രൂപ (പത്ത് ലക്ഷം ഉറുപ്പികയുടെ 2325608 നമ്പർ ചെക്ക്) കിട്ടി ബോധിച്ചതായി അഡ്വക്കേറ്റ് E.B. സുരേഷ് ബാബു & അഡ്വക്കേറ്റ് അൽഫോൻസ ആന്റണി എന്നിവരുടെ പേരെഴുതി 8/8/17 ന് അഡ്വക്കേറ്റ് അൽഫോൻസ ആന്റണി ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ട്രഷറി ചെക്കിന്റെ ഫോട്ടോസ്റ്റാറ്റ് പകർപ്പ് ഫയലിലുണ്ട്. (SB/JC N0.2325608/8/8/17-1000000)

പക്ഷെ ഈ ചെക്ക് C.J. പോൾസൻ എന്നവരുടെ പേരിലാണ് അനുവദിച്ചത്. പദ്ധതി സംബന്ധിച്ച കരാർ പ്രകാരം കരാറുകാരനല്ലാതെ മറ്റാരെയും തുക കൈപ്പറ്റുവാൻ അധികാരപ്പെടുത്തിയിട്ടില്ല എന്നിരിക്കെ, കോടതിയുടെ ഉത്തരവ് കൈപ്പറ്റാതെയും, കോടതി കേസ് സംബന്ധിച്ച കേസ് ഫയലില്ലാതെയും (OS-40/09, EP-68/17,-/16-17) പദ്ധതി നിർവ്വഹണവുമായി ബന്ധമില്ലാത്ത ഒരാൾക്ക് അതും പദ്ധതി ആവിഷ്കരിക്കുന്നതിന് മുമ്പുണ്ടായിരുന്ന ഒരു കേസിന്റെ (OS-40/09) തുക നൽകിയതു വഴി പദ്ധതിപ്പണം അന്യാധീനപ്പെട്ടു എന്ന് കാണാവുന്നതാണ്.

ഫയലിനൊപ്പമുള്ള 14/6/17 ലെ ഗ്രാമപഞ്ചായത്ത് അസി.എൻജിനീയറുടെ അഫിഡവിറ്റ് (ഒപ്പ് രേഖപ്പെടുത്താത്തത്) പ്രകാരം അസി.എൻജിനീയർ കേസുമായി നേരിട്ട് ബന്ധമില്ലാത്ത "ഗാർണീഷി" (ഫണ്ട് കസ്റ്റോഡിയൻ) ഇവിടെ ഹർജിക്കാരൻ "പോൾസൻ" എന്നവരും എതിർകക്ഷി "ഉണ്ണികൃഷ്ണൻ" എന്നവരുമാണ്. കേസ് സംബന്ധമായി വേണ്ടത്ര സൂക്ഷ്മപരിശോധന നടത്താതെ പൊതുധനം ചെലവ് ചെയ്തത് ആധികാരികമായ നടപടിയല്ല. കേസിന്റെ വിധി വരുന്നതിന് അനുസൃതമായി, വിധി കൈപ്പറ്റിയശേഷം, കോടതി ഉത്തരവിൽ നിർദ്ദേശമുണ്ടെങ്കിൽ, നിശ്ചിത തീയ്യതിക്കകം, തുക കോടതിയിൽ നിക്ഷേപിച്ച് അവിടെ നിന്നും ഔദ്യോഗിക രശീതി വാങ്ങലായിരുന്നു ആധികാരികമായ നടപടിക്രമം.

ഈ കേസ് സംബന്ധിച്ച മുഴുവൻ രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2.കരാർ രേഖകൾ ആധികാരികമല്ല.

കരാറുകാരൻ കരാറിൽ ആവശ്യമായ വിവരങ്ങളൊന്നും തന്നെ ചേർത്തിട്ടില്ല. 2015-16 ലെ പദ്ധതി (ഏകവർഷ പദ്ധതി) പ്രകാരം കരാറുകാരൻ 31/3/16 നകം പണി പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും നാളിതുവരെ പൂർത്തീകരിക്കാൻ കഴിയാത്ത ഈ പ്രവൃത്തിക്കുവേണ്ടി അനുബന്ധകരാർ ആധികാരികമായി ചമച്ചിട്ടുമില്ല.

കരാറിലെ 6-ാം നിബന്ധനയനുസരിച്ച് കരാറുടമ്പടി വെച്ച് പത്ത് ദിവസത്തിനുള്ളിൽ സ്ഥലം ഏറ്റുവാങ്ങി പത്ത് ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കേണ്ടതായിരുന്നുവെങ്കിലും ആദ്യത്തെ ഇനം പ്രവൃത്തിയുടെ അളവെടുത്തത് (സൈറ്റ് ക്ലിയറിങ്ങ്)11/1/15നാണ്. (ഏഴ് മാസത്തിന് ശേഷം). ഇതിനിടെ പ്രവൃത്തി ആരംഭിക്കുവാൻ കരാറുകാരന് നോട്ടീസുകൾ നൽകിയിട്ടുണ്ട്. പ്രവൃത്തി വൈകുന്നതിന്റെ കാരണമോ, സമയം നീട്ടി അനുവദിക്കണമെന്ന അപേക്ഷയോ കരാറുകാരൻ രേഖാമൂലം ലഭ്യമാക്കിയിട്ടില്ല. അനുബന്ധ കരാറിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ തുക കൈമാറിയതും ക്രമപ്രകാരമല്ല.

കരാറിലെ ഏഴാം നിബന്ധനയനുസരിച്ച് മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ

മാത്രമേ പ്രവൃത്തി പൂർത്തിയാക്കാൻ 20% കാലയളവ് നീട്ടി നൽകാൻ കഴിയുകയുള്ളൂ. ഇവിടെ പണി പൂർത്തീകരണം വൈകുന്നത് സംബന്ധിച്ച കാരണമൊന്നും തന്നെ ചൂണ്ടിക്കാണിക്കാത്തതിനാൽ കൂടുതൽ വേണ്ടി വരുന്ന ആദ്യ മൂന്ന മാസത്തേക്ക് കരാർ തുകയുടെ (3837632(-)6.3%) 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്നുമാസത്തിനും 2% നിരക്കിലും ഈ നിബന്ധന അനുസരിച്ച് പിഴ ഈടാക്കേണ്ടതിനാൽ അന്തിമ ബിൽ അനുവദിക്കുമ്പോൾ ആയതിന് അനുസരിച്ചുള്ള പിഴ കരാറുകാരനിൽ നിന്നും ഈടാക്കി വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3.അളവുപുസ്തകത്തിൽ വാസ്തവ വിരുദ്ധമായ രേഖപ്പെടുത്തൽ

20/6/16 നം 4/7/16നം അസി.എൻജിനീയർ (1/4/16 നം 1/9/16 പൂർവാഹ്നം വരെയുള്ള നിർവ്വഹണോദ്യോഗസ്ഥൻ) AE/KPM/LSGD/GLI/16-17 നം. കത്തിലൂടെ നാളിതുവരെ ഫൗണ്ടേഷൻ പ്രവൃത്തികളും 2.1മീറ്റർ ഉയരം വരെയുള്ള കോളം വർക്കുകളും മാത്രമേ ചെയ്തിട്ടുള്ളൂ എന്നും ഒന്നാം ഭാഗിക ബിൽ അനുവദിച്ചശേഷം യാതൊരു പ്രവർത്തന പുരോഗതിയുമില്ലെന്നും സൂചിപ്പിച്ചിരുന്നു. പക്ഷെ അളവുപുസ്തകം 138/15-16ൽ 52 മുതൽ 58 വരെയുള്ള പേജുകളിൽ 3.62 മീറ്റർ വരെയുള്ള ആർ. സി.സി. വർക്കുകളും (ഇനം 18-813.03kg) ഇനം 16 പ്രകാരം 1:1.5:3 അനുപാതത്തിൽ 4.88$m^3$ സൺഷേഡ്, ലിൻഡൽ, ലാന്റിങ് സ്ലാബ്, സ്റ്റെപ്പുകൾ എന്നീ പ്രവൃത്തികളും ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ അളവെടുക്കൽ/അളവുപരിശോധന എന്നിവ യഥാക്രമം 17/6/16/, 4/7/16/, 6/7/16 തീയ്യതികളിലുമായിരുന്നു. അതേസമയം ഗ്രാമപഞ്ചായത്തിൽ നിന്നും അസി.എൻജിനീയർക്കുള്ള 9/6/16 ലെ A@-123/15 നം. കത്തിൽ രണ്ട് മാസമായി യാതൊരു പ്രവൃത്തിയും കരാറുകാരൻ നടത്തിയിട്ടില്ലെന്ന് സൂചിപ്പിച്ചിട്ടുണ്ട്. കാര്യങ്ങൾ ഇപ്രകാരമിരിക്കെ വാസ്തവ വിരുദ്ധമായ കാര്യങ്ങൾ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയത് ക്രമവിരുദ്ധമാണ്.

4.ഒന്നാം ഭാഗിക ബിൽ, കരാറുകാരൻ തുക കൈപ്പറ്റിയതിന്റെ വിവരങ്ങൾ ഫയലിലില്ല.

ട്രഷറി ചെക്ക് SB/JC N0 2325609,10/8/17 പ്രകാരം 198673 രൂപ കരാറുകാരൻ കൈപ്പറ്റിയതിന്റെ വിവരങ്ങൾ മാത്രമേ ഉള്ളൂ. (ചെക്കിന്റെ ഫോട്ടോ പകർപ്പ് - കരാറുകാരന്റെ ഒപ്പോടുകൂടിയത്). ഒന്നാം ഭാഗിക ബിൽ ഫയലിലില്ല. അളവുപുസ്തകത്തിലാകട്ടെ മെമ്മോറാണ്ടം ഓഫ് പേമെന്റ് രേഖപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ തുക നൽകിയതിന്റെ കൃത്യത വിലയിരുത്തുവാൻ കഴിഞ്ഞിട്ടില്ല. ഇതുസംബന്ധിച്ച മുഴുവൻ രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

5.വിഹിതങ്ങൾ റിടെൻഷൻ അടവാക്കിയതിന്റെ രേഖകൾ ഫയലിലില്ല

രണ്ടാം ഭാഗിക ബിൽ പ്രകാരമുള്ള വിഹിതങ്ങൾ, റീടെൻഷൻ എന്നിവ അടവാക്കിയതിന്റെ രേഖകൾ ഫയലിലില്ല. ആയത് അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് 7/12.10.17 നം. പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ട്. ആയതിന് മറുപടി ലഭിച്ചിട്ടില്ല.

## ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 150000 | ക്ഷീരകർഷകർക്ക് പ്രോത്സാഹനം (കാലിത്തീറ്റ സബ്സിഡി) | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 93400 | തണൽ കേന്ദ്രങ്ങളുടെ വികസനം | 93400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1038461 | അയിരൂർ കോളനി സമഗ്ര വികസനം | 900000 | 138461 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 2500000 | ബസ്സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | 2263263 | 236737 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെയും, തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ (146/17) | വൗച്ചർ നമ്പർ: 21601112/16-17 തിയ്യതി: 28-03-17 | 518275 | പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 518275 |
| പി.ഡബ്ള്യൂ.ഡി. ഇലക്ട്രിക്കൽ | വൃദ്ധസദനം കെട്ടിടം | 21601105/16-17 തിയ്യതി:28-03-17 | 177750 | പൂർത്തീകരണ സാക്ഷ്യപത്രം | 177750 |

| | | | | | |
|---|---|---|---|---|---|
| ഡിവിഷൻ | വൈദ്യുതീകരണം s0(150/17) | | | ലഭ്യമാക്കിയിട്ടില്ല | |
| കേരള വാട്ടർ അതോറിറ്റി | വാർഡ് 6ൽ പൊതു ടാപ്പ് സ്ഥാപിക്കൽ (157/17) | 24168/24.3.2017 | 35000+10000 തനതു ഫണ്ട് (തീരുമാനം 5(6)/6.3.17) | പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 45000 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | സ.ഉ.(എം.എസ്) നം. 943/2012/ എൽ.എസ്.ജി.ഡി തി. 29.3.2012 | 9555737 | 4600975 | 900000 | - | മുതൽ 3700975 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷവും ഖണ്ഡികയും | അടവാക്കിയ ആളുടെ പേരു വിവരം | അടവാക്കിയ തുക | രശീതി നമ്പരും, തിയ്യതിയും |
|---|---|---|---|
| 2013-14/2.3 | കാൻസ് വെഡ്ഡിംഗ് സെന്റർ | 4500 | 11601100776 തിയ്യതി:28.4.16 |
| 2012-13/3.2 | സഖി, അസി.എഞ്ചിനീയർ | 2010 | 11601102307 തിയ്യതി:12-07-16 |
| 2013-14/3.22 | സന്തോഷ് മൂത്തേരി, കോൺട്രാക്ടർ | 2973 | 11601103045 തിയ്യതി:23.8.16 |
| | ആകെ | 9483 | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,10,82,209 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,36,45,576 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 3000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4165411 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-3 | 3000 | | പ്രകാശൻ. ടി.എസ്., ഫിഷറീസ് സബ് ഇൻസ്പെക്ടർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 1961305 | ശ്രീമതി. എം.പി. കുമാരി, അസിസ്റ്റന്റ് സെക്രട്ടറി (355280/-) ശ്രീമതി. ജയന്തി.എസ്., സെക്രട്ടറി (1606025) |
| 3-7 | 80000 | ഡോ. വിധു., പി.എച്ച്.സി. മെഡിക്കൽ ഓഫീസർ |
| 3-9 | 100000 | ഡോ. ഹസീന., മെഡിക്കൽ ഓഫീസർ (ഹോമിയോ) |

| | | |
|---|---|---|
| 3-10 | 500000 | ശ്രീമതി. റെജി പോൾ.,അസി. സെക്രട്ടറി |
| 3-11 | 500000 | ഡോ. സിൽവൻ, വെറ്ററിനറി സർജൻ |
| 3-12 | 274500 | ശ്രീമതി. വി.എൻ. ഗീത, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-15 | 749606 | ശ്രീമതി. കുമാരി. എം.പി., അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 4165411/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക |
|---|---|
| 2-3 | 150 |
| 3-2 | 1485 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രകാശൻ.ടി.എസ്. | റിട്ട. സൂപ്രണ്ട്, മാള ഗ്രാമപഞ്ചായത്ത് | തൃപ്പേക്കുളത്ത് വീട്, മതിലകം പി.ഒ. |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1976-77 | എൽഎഫ് ടി21-922/96/1.7.96 |
| 77-78 | എൽഎഫ് ടി11-868/80/23.6.80 |
| 80-81 | എൽഎഫ് ടി11-3013/83/13.1.84 |
| 83-84 | എൽഎഫ് ടി11-529/88/14.9.88 |
| 84-85 | എൽഎഫ് ടി11-140/89/30.9.88 |
| 85-86,86-87 | എൽഎഫ് ടി11-508/1991/29.7.91 |
| 88-89,89-90 | എൽഎഫ് ടി11-197/93/17.11.94 |

| | |
|---|---|
| 90-91 | എൽഎഫ് ടി11-1672/94/30.3.95 |
| 91-92, 93-94 | എൽഎഫ് ടി11-825/95/31.5.96 |
| 1994-95 | എൽഎഫ ടി19-2/01/5.3.01/3.4.01 |
| 1996-97 | എൽഎഫ് ടി19-759/1998/3.10.98 |
| 97-98 ചെലവ് | എൽഎഫ് ടി19-1011/99/23.9.99 |
| 98-99 ചെലവ് | എൽഎഫ് ടി19-1040/00/28.10.00 |
| 99-00,00-01,01-02 | എൽഎഫ് ടി12-1092/03/7.1.04 |
| 95-96 ജനകീയാസൂത്രണം | എൽഎഫ് ടി12-1432/07/7.1.08 |
| 97-98 വരവ് | എൽഎഫ് ടി12-1433/07/7.1.08 |
| 98-99 വരവ് | എൽഎഫ് ടി-12-1434/07/7.1.08 |
| 99-00 | എൽഎഫ് ടി12-1435/07/7.1.08 |
| 00-01 | എൽഎഫ് ടി12-1472/07/7.11.08 |
| 01-02 | എൽഎഫ് ടി12-648/08/20.7.09 |
| 02-03 | എൽഎഫ് ടി12-649/08/20.7.09 |
| 03-04 | എൽഎഫ് ടി12-190/09/26.5.10 |
| 04-05 | എൽഎഫ് ടി12-282/09/20.8.10 |
| 05-06 | എൽഎഫ് ടി12-1598/09/20.1.11 |
| 06-07 | എൽഎഫ് ടി12-1599/09/20.1.11 |
| 07-08 | എൽഎഫ് ടി.13-1311/11 തി. 24.11.11 |
| 08-09 | എൽഎഫ് ടിപി13-1312/12/10.10.11 |
| 09-10,10-11 | എൽഎഫ് ടിപി3-29/13/25.3.13 |
| 2011-12 | എൽഎഫ് ടിപി3-1404/13/15.1.14 |
| 2012-13 | എൽഎഫ് ടിപി3-1246/13/10.11.14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.പി3-79/16/ 28.1.16/15.3.16. |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി3)920/16, തിയ്യതി20.06.16/12.07.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി3)1939/16, തിയ്യതി 22.11.16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## <u>അനുബന്ധം - 1</u>

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി3)1706/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020

തിയ്യതി 29.11.2017

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.

## AUDIT CERTIFICATE

No.KSA-TSR(P3)1706/17

Kerala State Audit Department,

District Audit Office, Thrissur

PIN 680 020
Dated 29.11.2017

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

Certified that I have audited the Annual Financial Statement of Kaippamangalam Grama panchayath in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kaippamangalam Grama Panchcyath for the year 2016-17, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office, Thrissur.